# Athmaraksha.org

വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം-March

## March 15



### വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസം: പതിനഞ്ചാം തീയതി

'എല്ലാവരും അവനെപ്പറ്റി പ്രശംസിച്ചു പറയുകയും അവന്റെ നാവിൽനിന്നു പുറപ്പെട്ട കൃപാ വചസ്സു കേട്ട് അദ്ഭുതപ്പെടുകയും ചെയ്തു. ഇവൻ ജോസഫിന്റെ മകനല്ലേ എന്ന് അവർ ചോദിച്ചു' (ലൂക്കാ 4:22).

### ദരിദ്രരുടെ മാതൃകയും സംരക്ഷകനുമായ വിശുദ്ധ യൗസേപ്പ്

ആത്മനാ ദരിദ്രർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു എന്ന് ഗിരിപ്രഭാഷണത്തിൽ ക്രിസ്തുനാഥൻ അരുളി ചെയ്യുകയുണ്ടായി. 'ദരിദ്രർ ഭാഗ്യവാന്മാർ' എന്നല്ല ക്രിസ്തുനാഥൻ അരുളിച്ചെയ്തത്. എങ്കിൽ ഇന്ന് ദാരിദ്ര്യം ലോകത്തിലെ ഏറ്റവും വലിയ പ്രശ്നമാവുകയില്ലായിരുന്നു. ഈശ്വരവിശ്വാസമില്ലാത്ത ഒരു തലമുറയ്ക്ക് ദാരിദ്ര്യം ഏറ്റവും വലിയ ശാപമാണ് എന്ന ജ്ഞാനം എന്ന വിശുദ്ധ ഗ്രന്ഥം നമ്മോടു പ്രസ്താവിക്കുന്നു. ദാരിദ്ര്യത്തിലും എപ്രകാരം സന്തുഷ്ടമായ ഒരു ജീവിതം നയിക്കണമെന്ന് വിശുദ്ധ യൗസേപ്പ് നമ്മെ പഠിപ്പിക്കുന്നു.

വിശുദ്ധ യൗസേപ്പ് ദാവീദ് രാജവംശജനായിരിന്നുവെങ്കിലും ദരിദ്രനായിരുന്നു. തൊഴിൽ ചെയ്താണ് അദ്ദേഹം ജീവിച്ചത്. എന്നാൽ അദ്ദേഹം സമ്പത്തിനോട് ആഗ്രഹമില്ലാത്തവനായിരുന്നു. തൊഴിലിനു കൊടുക്കുന്ന കൂലി കൊണ്ട് അദ്ദേഹം തൃപ്തനായി. ദൈവത്തിലുള്ള അചഞ്ചലമായ പ്രത്യാശയാണ് വി. യൗസേപ്പിനെ നയിച്ചിരുന്നത്. ആകാശത്തിലെ പറവകളെ പോറ്റുകയും വയലിലെ ലില്ലികളെ അലങ്കരിക്കുകയും ചെയ്യുന്ന സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ പൈതൃക പരിലാളനയിൽ പരിപൂർണ്ണ വിശ്വാസം അർപ്പിച്ചുകൊണ്ട് അദ്ധ്വാനപൂർണ്ണവും ക്ലേശഭൂയിഷ്ഠവുമായ ജീവിതം അദ്ദേഹം നയിച്ചു. വിശുദ്ധ യൗസേപ്പ് ദരിദ്രനായി ജനിച്ചതുകൊണ്ടായിരിക്കണം അദ്ദേഹത്തിന് ദരിദ്രരോടു പിതൃതുല്യമായ സ്നേഹമാണുള്ളത്. വിശുദ്ധ യൌസേപ്പ് പിതാവിൽ ആശ്രയിക്കുന്ന പക്ഷം നമ്മുടെ ദാരിദ്ര്യാവസ്ഥകൾക്ക് മാറ്റമുണ്ടാകും.

നാം ദരിദ്രരെ സഹായിക്കുന്നത് യൗസേപ്പിതാവിന് പ്രീതിജനകമാണ്. അനേകം അനുഗ്രഹങ്ങൾ വി. യൗസേപ്പ് അവർക്ക് നൽകും. കേരളത്തിൽ 'മുത്തിയൂട്ട്' എന്നൊരു പൗരാണികമായ ആചാരം നിലനിൽക്കുന്നുണ്ട്. അപ്രകാരമുള്ള സൽകൃത്യങ്ങൾ അനുഷ്ഠിക്കുന്നവർക്ക് അനുഗ്രഹങ്ങൾ ലഭിക്കുന്നതു കൊണ്ടാണല്ലോ ഇന്നും ആ പാരമ്പര്യം നിലനിൽക്കുന്നത്. ദരിദ്രരിലും രോഗികളിലും ആതുരരിലും മിശിഹായെതന്നെ ദർശിച്ചു കൊണ്ട് അവരെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുവാനാണ് മിശിഹാ നമുക്ക് നൽകിയിരിക്കുന്ന ആഹ്വാനം. അപ്രകാരം പ്രവർത്തിക്കുന്നവർക്ക് വി. യൗസേപ്പ് വാത്സല്യപൂർവ്വം സഹായങ്ങൾ എത്തിച്ചു കൊടുത്തിട്ടുള്ള സംഭവങ്ങൾ നിരവധിയാണ്. ചില അവസരങ്ങളിൽ, പ്രച്ഛന്ന വേഷത്തിൽ അദ്ദേഹം അനാഥ ശാലകളിലും സന്യാസ ഭവനങ്ങളിലും സഹായം എത്തിച്ചിട്ടുള്ളതായി പറയപ്പെടുന്നു.

## സംഭവം

കുറെ വർഷങ്ങൾക്കു മുമ്പ് ഫ്രാൻസിലെ നോർമണ്ടിയിൽ മാരകമായ ഒരു സാംക്രമിക രോഗം പടർന്നുപിടിച്ചു. നിരവധി ആളുകൾ രോഗം നിമിത്തം മരണമടഞ്ഞു. ആശുപത്രികൾ രോഗികളെ ക്കൊണ്ട് നിറഞ്ഞു. ഓരോ ദിവസവും മരിക്കുന്ന ആളുകൾക്കു കണക്കില്ല. ശ്മശാനങ്ങളിൽ ശവശരീരം മറവു ചെയ്യാനുള്ള ഇടം പോലും ശേഷിച്ചില്ല. ഗവണ്മെന്റ് തലത്തിലും നഗര സഭാ തലത്തിലും സാംക്രമിക രോഗം തടയാൻ നടത്തിയ ശ്രമങ്ങളെല്ലാം പരാജയപ്പെട്ടു. ഈ നിലയിൽ മുന്നോട്ട് പോയാൽ നോർമണ്ടി പ്രൊവിൻസിൽ ഒരു മനുഷ്യജീവൻ പോലും അവശേഷിക്കുകയില്ല എന്നത് അധികാരികൾക്ക് ബോധ്യമായി.

ഈ വിപത്സന്ധിയിൽ ദൈവസമക്ഷം തങ്ങളെത്തന്നെ സമർപ്പിച്ച് ഈ മാരകവിപത്തിൽ നിന്നും രക്ഷ നേടുവാൻ എല്ലാവരും ആഗ്രഹിച്ചു. അവിടെയുള്ള വി. പത്രോസിന്റെ ദേവാലയത്തിൽ മാർ യൗസേപ്പിതാവിന്റെ ഉത്തമ ഭക്തനായ വൈദികൻ, നോർമണ്ടിയിലെ ജനങ്ങൾക്കെല്ലാം സ്വീകാര്യനും പ്രിയങ്കരനുമായിരുന്നു. ഭക്തനും വിനീതനുമായ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ജനങ്ങൾ ദേവാലയത്തിൽ പ്രവേശിച്ചു. തങ്ങളെ വി. യൗസേപ്പിന് സമർപ്പിച്ചു; നാട്ടിൽ കൊടുങ്കാറ്റു പോലെ പടർന്നുപിടിച്ച മഹാരോഗത്തെ നിർമാർജ്ജനം ചെയ്യണമെന്നു യൗസേപ്പിന്റെ മദ്ധ്യസ്ഥതയിൽ കരഞ്ഞു പ്രാർത്ഥിച്ചു. അധികം വൈകാതെ തന്നെ സാംക്രമികരോഗങ്ങൾ നാട്ടിൽ നിന്നും പാടേ മാറി. ഈ അത്ഭുതം ജനങ്ങൾക്ക് വിശുദ്ധ യൗസേപ്പിലുള്ള ഭക്തിയും വിശ്വാസവും വർദ്ധിപ്പിക്കുവാൻ ഇടയാക്കി.

ദരിദ്രരുടെ മാതൃകയും സംരക്ഷകനുമായ വിശുദ്ധ യൗസേപ്പേ ദാരിദ്ര്യ ദുഃഖത്താൽ വേദനയനുഭവിക്കുന്ന ഞങ്ങളുടെ സഹോദരങ്ങളെ ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്യണമേ. ദരിദ്രരിലും പരിത്യക്തരിലും രോഗികളിലും മിശിഹായെത്തന്നെ ദർശിക്കുവാനും അവരെ സഹായിക്കുവാനും വേണ്ടി സന്നദ്ധതയും ത്യാഗമനോഭാവവും ഞങ്ങൾ പ്രദർശിപ്പിക്കുന്നതാണ്. അങ്ങേ മാതൃകയനുസരിച്ചു ഞങ്ങൾ ദാരിദ്ര്യ ക്ലേശങ്ങളെയും രോഗത്തേയും അതുപോലുള്ള ബുദ്ധിമുട്ടുകളേയും ദൈവതിരുമനസ്സിനു വിധേയമായി സമചിത്തതയോടെ അഭിമുഖീകരിക്കുവാനുള്ള ശക്തിയും ധൈര്യവും നൽകണമെ.

## ജപം

ദാവീദു രാജവംശത്തിൽ പിറന്ന വി. യൗസേപ്പേ, അങ്ങ് സകല മനുഷ്യ വ്യക്തികളിലും ഉന്നതമായ മഹത്വത്തിനും ബഹുമാനത്തിനും അർഹനായിത്തീർന്നല്ലോ. വന്ദ്യപിതാവേ, അങ്ങേ മക്കളായ ഞങ്ങൾ, ഞങ്ങളുടെ കുടുംബങ്ങളുടെ അഭിമാനപാത്രവും സഭാമാതാവിന്റെ വിശിഷ്ട സന്താനങ്ങളുമായി തീരുവാനുള്ള അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ. ദൈവത്തിന്റെ സവിശേഷമായ സ്നേഹത്തിന് അങ്ങ് പാത്രമായതു പോലെ ഞങ്ങൾ ദൈവമക്കൾ എന്നുള്ള മഹനീയ പദവിക്കനുയോജ്യമായ ജീവിതം നയിക്കുവാൻ അങ്ങ് ഞങ്ങളെ പ്രാപ്തരാക്കേണമേ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

വി. യൗസേപ്പപിതാവിന്റെ ലുത്തിനിയ
കർത്താവേ, അനുഗ്രഹിക്കണമേ
(കർത്താവേ...)
മിശിഹായെ, അനുഗ്രഹിക്കണമേ.
(മിശിഹായെ...)
കർത്താവേ, അനുഗ്രഹിക്കണമേ.
(കർത്താവേ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
(മിശിഹായെ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
(മിശിഹായെ...)
ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഏറ്റു ചൊല്ലുക
സ്വർഗ്ഗസ്ഥനായ പിതാവേ,
ലോകരക്ഷകനായ ക്രിസ്തുവേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പ. ത്രിത്വമേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന് ഏറ്റു ചൊല്ലുക
പരിശുദ്ധ മറിയമേ,
വിശുദ്ധ യൗസേപ്പേ,
ദാവീദിന്റെ വിശിഷ്ട സന്താനമേ,
ഗോത്രപിതാക്കളുടെ പ്രകാശമേ,
ദൈവജനനിയുടെ ഭർത്താവേ,
പരിശുദ്ധ കന്യകയുടെ നിർമ്മലനായ കാവൽക്കാരാ,
ദൈവകുമാരന്റെ വളർത്തുപിതാവേ,
മിശിഹായുടെ ജാഗ്രതയുള്ള സംരക്ഷകാ,
തിരുക്കുടുംബത്തിന്റെ നാഥനേ,
എത്രയും നീതിമാനായ വി. യൗസേപ്പേ,
മഹാ വിരക്തനായ വി.യൗസേപ്പേ,
മഹാ വിവേകിയായ വി. യൗസേപ്പേ,
മഹാ ധീരനായ വി. യൗസേപ്പേ,
അത്യന്തം അനുസരണയുള്ള വി. യൗസേപ്പേ,
മഹാ വിശ്വസ്തനായ വി. യൗസേപ്പേ,
ക്ഷമയുടെ ദർപ്പണമേ,
ദാരിദ്ര്യത്തിന്റെ സ്നേഹിതാ,
തൊഴിലാളികളുടെ മാതൃകയേ,
കുടുംബജീവിതത്തിന്റെ അലങ്കാരമേ,
കന്യകകളുടെ സംരക്ഷകാ,
കുടുംബങ്ങളുടെ ആധാരമേ,
നിർഭാഗ്യരുടെ ആശ്വാസമേ,
രോഗികളുടെ ആശ്രയമേ,
മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥാ,
പിശാചുക്കളുടെ പരിഭ്രമമേ,
തിരുസ്സഭയുടെ പാലകാ,
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
.
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
(നായകൻ) ദൈവം അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ അധികാരിയായി നിയമിച്ചു.
(സമൂഹം) തന്റെ സകല സമ്പത്തുകളുടെയും നായകനുമാക്കി.

## പ്രാർത്ഥിക്കാം

അത്യന്തം നിർമ്മലമായ പരിശുദ്ധ കന്യകയുടെ ഭർത്താവായി നീതിമാനും വിവേകിയും വിശുദ്ധനുമായ യൗസേപ്പിനെ തെരഞ്ഞെടുത്ത ദൈവമേ, ജീവിതത്തിന്റെ പ്രയാസങ്ങളിലും വേദനകളിലും മുഴുകിയിരിക്കുന്ന ഞങ്ങൾക്ക് ആശ്വാസവും ആശ്രയവും നൽകുന്ന പിതാവായി അദ്ദേഹത്തെ നിശ്ചയിച്ചതിൽ ഞങ്ങൾ നന്ദി പറയുന്നു. ഈ പിതാവിന്റെ മാദ്ധ്യസ്ഥം വഴി എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്ക് നൽകണമെയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## സുകൃതജപം

ദരിദ്രരുടെ ആശ്രയമായ മാർ യൗസേപ്പേ ദരിദ്രരെ സഹായിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ.

+++